(ബി) അങ്ങനെ ഒഴിവായി കിടക്കുന്ന പഞ്ചായത്തുവാർഡുകളിലെ പ്രശ്നങ്ങൾക്ക് മുൻഗണന നൽകുന്നതിന് ആവശ്യമായ നിർദ്ദേശം നൽകുമോ ?

തദ്ദേശസ്വയംഭരണമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ) :

(എ) അറിയാം. ഒഴിവുകളുള്ള പ്രദേശങ്ങളിലെ പ്രശ്നങ്ങൾക്ക് പരിഹാരം ആവശ്യപ്പെട്ടുകൊണ്ട് കിട്ടിയിട്ടുള്ള നിവേദനങ്ങൾ ആസ്പദമാക്കി വേണ്ട നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ആഫീസർമാർക്ക് നൽകിയിട്ടുണ്ട്.

(ബി) പരാതികളുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ആഫീസർമാർക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകുന്നതാണ്.

ശ്രീ. ദാമോദരൻ കാളാശ്ശേരി : വാർഡ് കമ്മിറ്റി മെമ്പർമാർ ഇല്ലാത്ത പഞ്ചായത്തുകൾ ഉൾപ്പെടെയുള്ള പഞ്ചായത്തുകളുടെ പ്രവർത്തനം സജീവമാക്കുന്നതിന് ഫംഗ്ഷൻ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടെങ്കിലും ആ കമ്മിറ്റികളുടെ പ്രവർത്തനം ഒരു സ്ഥലത്തും ശരിയായി നടക്കുന്നില്ലെന്നുള്ള സംഗതി ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ : അങ്ങനെ പല സ്ഥലത്തും പല കമ്മിറ്റികളും ഉണ്ടാക്കിയിട്ടുണ്ട്. ചില സ്ഥലത്ത് നടക്കുന്നുണ്ട്. മിക്കവാറും പഞ്ചായത്തുകളുടെ പ്രവർത്തനങ്ങൾ വളരെ സജീവമായി നടക്കുന്നുണ്ട്. ഒന്നോ രണ്ടോ വാർഡുകളിൽ മെമ്പർമാർ ഇല്ലെന്നുള്ളതുകൊണ്ട് പ്രത്യേകമായി വിഷമം ഉണ്ടായിട്ടില്ല.

തിരുവനന്തപുരം കണ്ണാശുപത്രി

* 74 [101] ശ്രീ. പി. വി. ശങ്കരനാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം കണ്ണാശുപത്രിയിൽ കണ്ണ് സംബന്ധിച്ച എല്ലാ ഓപ്പറേഷനും ഇപ്പോൾ നടത്താനുള്ള സൗകര്യമുണ്ടോ ;

(ബി) ആയിരക്കണക്കിന് രൂപ വിലയുള്ള പല യന്ത്ര സാമഗ്രികളും ഉപയോഗശൂന്യമായി കിടക്കുകയാണെന്നത് ഗവൺമെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(സി) ഓപ്പറേഷൻ സമയത്ത് പെട്ടെന്ന് കറൻറുതകരാറുകൊണ്ട് ഇവിടെ പല ഓപ്പറേഷനുകളും പൂർത്തിയാക്കാൻ മണിക്കൂറുകൾ കഴിയേണ്ടിവരുന്ന സാഹചര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇങ്ങനെ വിദ്യുച്ഛക്തി തകരാറിൽനിന്നും ഉണ്ടാകുന്ന അസൗകര്യം ഒഴിവാക്കാൻ വേണ്ട സത്വര നടപടി സ്വീകരിക്കുമോ ?

ആരോഗ്യമന്ത്രി (ശ്രീ. എൻ. കെ. ബാലകൃഷ്ണൻ) :

(എ) ഇല്ല.

(ബി) ഉപയോഗശൂന്യമായ യാതൊന്നുമില്ല.

(സി) ഇത്തരം ഒരു സാഹചര്യം ഉണ്ടായിട്ടില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly